No.CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# KEAM-2016-ആർക്കിടെക്ചറിനും അപേക്ഷ ഇപ്പോൾ

2016 -ലെ കേരള എഞ്ചിനീയറിംഗ്, മെഡിക്കൽ/അനുബന്ധ കോഴ്സുകൾക്കൊപ്പം ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ 29.01.2016 ന് മുൻപായി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതും അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ 30.01.2016 ന് മുൻപായി എത്തിക്കേണ്ടതുമാണ്. കൂടാതെ ആർക്കിടെക്ചർ കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (NIASA) നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) എന്ന യോഗ്യതാ പരീക്ഷ 05.06.2016 ന് മുൻപായി നിശ്ചിത മാർക്ക് വാങ്ങി യോഗ്യത നേടിയിരിക്കണം. ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രത്യേകം പ്രവേശന പരീക്ഷ നടത്തുന്നതല്ല. എന്നാൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവരെ ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല.

**കുറിപ്പ്: NATA ടെസ്റ്റിന് അപേക്ഷിക്കുന്നതിനായി www.nata.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.**

തിരുവനന്തപുരം

14.01.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**